**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2892** 07.02.2018- ൽ മറുപടിക്ക്

**കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബൈപ്പാസ് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി 27.09.2016-ലെ സ.ഉ (സാധാ) നം. 1324/2016/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസി നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ ലാൻഡ് സർവ്വേയും ട്രാഫിക് സർവ്വേയും മറ്റു പരിശോധനകളും കിറ്റ്കോ എന്ന കൺസൾട്ടന്റ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ